Only for private circulation

സംയോജിത ഗ്രാമീണ സാങ്കേതികവിദ്യാ കേന്ദ്രം
# ഐ.ആർ.ടിസി ന്യൂസ് ലെറ്റർ

"ശാസ്ത്രം സാമൂഹ്യവിപ്ലവത്തിന്" ശാസ്ത്രസാഹിത്യ പരിഷത്ത് സ്ഥാപനം

ഒക്ടോബർ ലക്കം | 2019 മുണ്ടൂർ, പാലക്കാട്, പിൻ: 678592 ഫോൺ: 0495-2832324, 2832663

ഇമെയിൽ: mail@irtc.org.in | സന്ദർശിക്കുക: www.irtc.org.in

### ഐ.ആർ.ടി.സി ഗവേഷകരുടെ മികവിൽ

## മാലിന്യസംസ്കരണത്തിന് പുതിയ 'ജൈവാണുക്കൂട്ട്' പുറത്തിറക്കി

തിരുവനന്തപുരം: ഐ.ആർ.ടി.സി മാലിന്യസംസ്കരണത്തിന് പുതിയ ജൈവാണുക്കൂട്ട്' പുറത്തിറക്കി. വർദ്ധിച്ചു വരുന്ന ജൈവമാലിന്യങ്ങളുടെ പരിപാലനത്തിന് അനയോജ്യ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഐ.ആർ.ടി.സി പുതിയ സൂക്ഷ്മാണുക്കൂട്ട് (ഇനോക്കലം) പുറത്തിറക്കിയത്. മാലിന്യപരിപാലന വിഭാഗത്തിലെ ഗവേഷകരുടെ നീണ്ടകാലത്തെ ശ്രമഫലമായാണ് പുതിയ സൂക്ഷ്മാണുക്കൂട്ട് വികസിപ്പിച്ചെടുത്തത്.

തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രൊഫ.കെ.പി. സുധീർ, മെമ്പർ സെക്രട്ടറി ഡോ. എസ് പ്രദീപ് കുമാറിന് സൂക്ഷമാണുക്കൂട്ട് കൈമാറിക്കൊണ്ട് പ്രകാശനം നിർവഹിച്ചു. ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ധനസഹായത്തോടെ നടത്തിയ ഗവേഷണ പ്രൊജക്ടിന്റെ ഉത്പന്നമാണ് പുതിയ സൂക്ഷ്മാണുക്കൂട്ട്.

ചടങ്ങിൽ ഐ.ആർ.ടി.സി. ഡയറക്ടർ ഡോ. എസ് ശ്രീകുമാർ അധ്യക്ഷത വഹിച്ചു. ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെ 'മാലിന്യപരിപാലനത്തിൽ മികവിന്റെ കേന്ദ്രമായി' (Centre of Excellence in Waste Management) പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഐ.ആർ.ടി.സി. ഇതുമായി ബന്ധപ്പെട്ട മൂന്ന വർഷക്കാലത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പ്രകാശനം ഡോ.എസ് പ്രദീപ്കുമാർ നിർവഹിച്ചു. ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗസിലിൽ ആരംഭിക്കുന്ന സുവനീർ ഷോപ്പിലേക്കുള്ള ഉല്പന്നങ്ങൾ പരിഷത്ത് പ്രൊഡക്ഷൻ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ടി.പി.ശ്രീശങ്കർ, ഡോ.എം. ലളിതാംബിക എന്നിവർ കൗസിൽ മെംബർ സെക്രട്ടറിക്ക് കൈമാറി.

ഐ.ആർ.ടി.സി സെന്റർ ഓഫ് എക്സലൻസ് മേധാവി പ്രൊഫ.വി.ആർ.രഘുനന്ദനൻ പുതിയ സൂക്ഷ്മാണുക്കൂട്ടുകളുടെ പ്രത്യേകതകളെ സംബന്ധിച്ച് അവതരണം നടത്തി. ഇനോക്കുലം ഗവേഷണഫലങ്ങളും നിർമാണവും ഉപയോഗരീതിയും സംബന്ധിച്ച് ഐ.ആർ.ടി.സി ഗവേഷകരായ സുസ്മിത.വി, ഫാത്തിമ നഷ്വ എന്നിവർ സംസാരിച്ചു.



ഐ.ആർ.ടി.സി വികസിപ്പിച്ച സൂക്ഷ്മാണുക്കൂട്ട് KSCSTE എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രൊഫ.കെ.പി.സുധീർ, മെമ്പർ സെക്രട്ടറി ഡോ.എസ്.പ്രദീപ് കുമാറിന് നൽകിക്കൊണ്ട് പ്രകാശനം നിർവഹിക്കുന്നു

ചടങ്ങിൽ കേരള ശാസ്ത്രസാഹിത്യപരിഷത്ത് പ്രസിഡണ്ട് എ.പി.മുരളീധരൻ ആശംസകൾ അർപ്പിച്ചു. ഐ.ആർ.ടി.സി റിസർച്ച് ഡയറക്ടർ ഡോ.എം.ബാലഗോപാലൻ സ്വാഗതവും രജിസ്ട്രാർ കെ.കെ.ജനാർദ്ദനൻ നന്ദിയും പറഞ്ഞു.



സൂക്ഷ്മാണുക്കൂട്ടിന്റെ പ്രകാശന ചടങ്ങിനെത്തിയവർ

## ഐ.ആർ.ടി.സിയിൽ പുതിയ ഒരു കാൽവയ്പ്

കേരളീയ ഭക്ഷണത്തിലെ ഒഴിവാക്കാനാവാത്ത വിഭവമാണ് മത്സ്യം. കടൽ മത്സ്യബന്ധനത്തിലൂടെ ലഭിക്കാവുന്ന മത്സ്യത്തിന്റെ അളവ് ഇനിയും അധികം വർധിക്കില്ല, വർദ്ധിപ്പിക്കാനും കഴിയില്ല. മാത്രമല്ല കാലാവസ്ഥയിൽ വന്നിട്ടുള്ള മാറ്റങ്ങൾ കടലിന്റെ പരിസ്ഥിതിയേയും സ്വാധീനിച്ചിരിക്കുന്നു. മത്സ്യ ലഭ്യത കുറഞ്ഞു വരികയാണ്. കുളങ്ങളിലും കായലുകളിലും മറ്റ് ജലാശയങ്ങളിലും ഒക്കെ മത്സ്യ കൃഷി നടത്തി മത്സ്യ ലഭ്യത ഉറപ്പാക്കാനുള്ള ശ്രമങ്ങൾ ഏറെ നാളായി നടന്നു വരുന്നതാണ്. ഈ മേഖലയിൽ വളർച്ച ഉണ്ടായിട്ടുണ്ട്. പ്രാഥമിക ഉൽപാദനമേഖലയിൽ മത്സ്യ ഉൽപ്പാദനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് രണ്ട ദശകങ്ങൾക്ക് മുമ്പ് തന്നെ മത്സ്യകൃഷിയിലെ പ്രശ്നങ്ങളെ പഠിക്കുന്നതിനും കർഷകർ പങ്കാളികളാകുന്ന തരത്തിൽ ലോക്കൽ എൻറർപ്രൈസസ് ഇൻ അക്വാകൾച്ചർ (LEAP) എന്ന പേരിൽ ഒരു പ്രോജക്ട് DST യുടെ സാമ്പത്തിക സഹായത്തോടെ ഐ.ആർ.ടി.സിയിൽ ഏറ്റെടുത്തിരുന്നു. തദ്ദേശസ്ഥാപന തലത്തിൽ ശുദ്ധജല മത്സ്യകൃഷി വ്യാപനത്തിനുള്ള ചില മാതൃകകൾ വികസിപ്പിക്കുകയും ചെയ്തിരുന്നു. അതിന്റെ തുടർച്ചയായി ഗ്രാമീണമേഖലയിൽ വരുമാന സാധ്യത എന്ന നിലയിൽ അലങ്കാര മത്സ്യകൃഷി വ്യാപനത്തിനുള്ള പദ്ധതി ഏറ്റെടുത്തു. ഇതിനായി ധാരാളം പരിശീലനങ്ങൾ സംഘടിപ്പിച്ചു. MPEDA യുടെ അംഗീകൃത പരിശീലന കേന്ദ്രമായി ഐ.ആർ.ടി.സി പ്രവർത്തിച്ചു.

സമീപകാലത്തായി മത്സ്യകൃഷി രംഗത്ത് വലിയ മാറ്റങ്ങൾക്ക് സാധ്യതകളുള്ള പുതിയ കൃഷി സമ്പ്രദായങ്ങളും സാങ്കേതികവിദ്യകളും രൂപപ്പെടുകയും വ്യാപകമാവുകയും ചെയ്തു തുടങ്ങിയിട്ടുണ്ട്. അവയിൽ പ്രധാനമാണ് അക്വാപോണിക്സ്, കൂടുകളിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് കൃഷിരീതി എന്നിവയെല്ലാം. സ്ഥലപരിമിതി ഏറെയുള്ള കേരളത്തിൽ വളരെ കുറഞ്ഞ സ്ഥലത്ത് നടത്താൻ കഴിയുന്ന ഈ ജലകൃഷി രീതികൾക്ക് വലിയ സാധ്യതയാണുള്ളത്. ഐ.ആർ.ടി.സിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച അക്വാപോണിക്സ് യൂണിറ്റ് പ്രവർത്തനസജ്ജമായിക്കഴിഞ്ഞു. മത്സ്യവകുപ്പിൻറെ സഹായത്തോടെയാണ് പദ്ധതി ആരംഭിച്ചത്. ഗിഫ്റ്റ് തിലാപ്പിയ ഇനത്തിൽപ്പെട്ട മത്സ്യങ്ങൾ കുറഞ്ഞ കാലയളവിനുള്ളിൽ ശരാശരി 450 ഗ്രാം വളർച്ച എത്തിയിട്ടുണ്ട്. ഈ രംഗത്തെ പുതിയ സാങ്കേതികവിദ്യയായ 'ബയോഫ്ലോക്ക്' രീതിയും ഉടൻതന്നെ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കും. അക്വാപോണിക്സിൽ രണ്ട് ബാച്ച് പരിശീലനം പൂർത്തിയായി. രാജ്യത്തെ മത്സ്യ ഉൽപ്പാദനത്തിൽ വലിയ പങ്ക് മത്സ്യകൃഷിയിലൂടെ സാധ്യമാക്കുന്നതിനും തൊഴിൽ സാധ്യതകളും സാമ്പത്തികവളർച്ചയും ഉറപ്പാക്കുന്നതിനും ലക്ഷ്യം വെച്ചുകൊണ്ട് 'ബ്ലൂ റവല്യൂഷൻ' എന്ന പേരിൽ സർക്കാർ പദ്ധതി വ്യാപിപ്പിക്കുകയാണ്. ഈ മാറ്റങ്ങൾക്ക് ഭാവി സമ്പദ്ഘടനയിൽ നിർണായക സ്വാധീനം ഉണ്ടാകുമെന്നതിൽ സംശയമില്ല. 'ബ്ലൂ എക്കോണമി' എന്ന പേരിൽ ഇതിന് പ്രാധാന്യം വർധിക്കുകയാണ്. നിയന്ത്രിത സാഹചര്യങ്ങളിൽ സാങ്കേതികവിദ്യയുടെ പിന്തുണയോടെ നടക്കുന്ന ഈ കൃഷി സമ്പ്രദായം

(തുടർച്ച രണ്ടാം പേജിൽ)

## കേരള പഞ്ചായത്ത് നിർമാണചട്ടങ്ങൾ; കിലയുടെ ദ്വിദിന പരിശീലനപരിപാടി പൂർത്തിയായി



കെട്ടിടനിർമാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ

കേരള പഞ്ചായത്ത് കെട്ടിട നിർമാണചട്ടങ്ങളുമായി ബന്ധപ്പെട്ടുള്ള കിലയുടെ (KILA) പരിശീലന ക്യാമ്പ് ഐ.ആർ.ടി.സി ജൂബിലി ക്യാമ്പസിൽ നടന്നു. പതിനൊന്ന് ബാച്ചുകളായാണ് പരിശീലനങ്ങൾ നടന്നത്. ജൂൺ 21 മുതൽ ആരംഭിച്ച പരിശീലന പരിപാടി ജൂലൈ 19 വരെയാണ് നടന്നത്. കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും ജില്ലകളിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലെ തിരഞ്ഞെടുത്ത അംഗങ്ങളുമാണ് ദ്വിദിന പരിശീലനത്തിൽ പങ്കെടുത്തത്.

## വില്ലേജ് നീർത്തട വികസനസമിതികളുടെ അവലോകനയോഗം

ഐ.ആർ.ടി.സിയുടെ സാങ്കേതികസഹായത്തോടെ നീർത്തടവികസന പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശങ്ങളിലെ വില്ലേജ് നീർത്തട വികസനസമിതി പ്രവർത്തകരുടെ യോഗം ആഗസ്റ്റ് 14 ന് ഐ.ആർ.ടി.സി ക്യാമ്പസിൽ നടന്നു. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന KfW പ്രോജക്ടിന്റെ ഭാഗമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനുമാണ് യോഗം സംഘടിപ്പിച്ചത്. യോഗത്തിൽ ഐ.ആർ.ടി.സി പ്രകൃതിവിഭവ പരിപാലന വിഭാഗം മേധാവി ആർ.സതീഷ് സംസാരിച്ചു. നീർത്തടവികസന സമിതി പ്രതിനിധികൾ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഐ.ആർ.ടി.സി പ്രവർത്തകരായ സോഫി കെ.ആന്റണി, സാബു പി.എസ്., വൈശാഖ് പി.എൻ എന്നിവർ യോഗത്തിന് നേതൃത്വം നൽകി.



നീർത്തട വികസനസമിതി പ്രവർത്തകർ ഗ്രൂപ്പ് തിരിഞ്ഞ് പ്രവർത്തന പരിപാടികൾ ചർച്ച ചെയ്യുന്നു

### പ്രളയദുരിതാശ്വാസ ക്യാമ്പുകളിലെ മാലിന്യ പരിപാലനം

## വിവിധ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തി ഐ.ആർ.ടി.സി

പ്രളയത്തെ തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസ ക്യാമ്പുകളിലെ മാലിന്യസംസ്കരണം എളുപ്പത്തിലാക്കാനുള്ള മാർഗ്ഗങ്ങൾ ഐ.ആർ.ടി.സി പരിചയപ്പെടുത്തി. പ്രളയശേഷം ആഗസ്റ്റ് 14 ന് ഐ.ആർ.ടി.സി ജൂബിലി കാമ്പസിൽ നടന്ന പ്രത്യേക പത്രസമ്മേളനത്തിൽ അടിയന്തിര സാഹചര്യത്തിൽ ഉപയോഗപ്പെടുത്താവുന്ന ചെലവുകുറഞ്ഞ സാങ്കേതികവിദ്യകളാണ് പരിചയപ്പെടുത്തിയത്. ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എസ്. ശ്രീകുമാർ, രജിസ്ട്രാർ കെ.കെ.ജനാർദ്ദനൻ, പ്രൊഫ.വി.ആർ. രഘുനന്ദനൻ, പി.വി. ജോസഫ് എന്നിവർ ചർച്ചകളിൽ പങ്കെടുത്തു.



ഐ.ആർ.ടി.സിയിൽ വികസിപ്പിച്ച ഇനോക്കുലവും മാലിന്യപരിപാലന ഉപകരണങ്ങളും മാധ്യമപ്രവർത്തകർക്ക് പരിചയപ്പെടുത്തുന്നു

ക്യാമ്പുകളിലെ ഭക്ഷ്യാവശിഷ്ടങ്ങൾ സംസ്കരിക്കാനായി പോർട്ടബിൾ ബയോബിന്നുകൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കാനുള്ള അതിതാപന ചൂള, കക്കൂസ് മാലിന്യഭീഷണിയുള്ള ക്യാമ്പുകളിൽ സ്ഥാപിക്കാവുന്ന ഡ്രൈലാറ്ററിൻ എന്നിവയാണ് ഐ.ആർ.ടി.സി പരിചയപ്പെടുത്തി.

ഇനോക്കുലം ചേർത്ത ചകിരിച്ചോറ് ഉപയോഗിച്ച് തയ്യാറാക്കുന്ന ബയോബിന്നുകൾ ഭക്ഷ്യാവശിഷ്ടങ്ങളുടെ സംസ്കരണം വേഗത്തിലാക്കുന്നു. ക്യാമ്പുകളിൽ ഉപേക്ഷിക്കപ്പെടുന്ന നാപ്കിനുകൾ, പാഡുകൾ തുടങ്ങിയ മാലിന്യങ്ങൾ സംസ്കരിക്കുക എന്നത് അധികൃതരെ സംബന്ധിച്ച് വലിയ തലവേദനയാണ്. എന്നാൽ, ഇവയെല്ലാം മലിനീകരണം കുറഞ്ഞ രീതിയിൽ കത്തിച്ച് കളയാവുന്ന തരത്തിലുള്ള 'അതിതാപന ചൂള'യാണ് ഐ.ആർ.ടി.സി തയ്യാറാക്കിയിട്ടുള്ളത്. 1200 ഡിഗ്രി സെൽഷ്യസ് താപനിലയിൽ വരെ കത്തിക്കാവുന്ന ഈ ചൂളയിൽ 95% പദാർത്ഥങ്ങളും കത്തി ദഹിക്കുന്നതിനാൽ പുറത്തുവരുന്ന മലിനവാതകങ്ങൾ തീരെ കുറവായിരിക്കും. മുൻകൂട്ടി വിവരമറിയിക്കുന്ന തിനനുസരിച്ച് അതാതു സ്ഥലങ്ങളിൽ വന്ന് ഈ സേവനം നൽകുന്നതിനായി ഐ.ആർ.ടി.സി സംവിധാനമേർപ്പെടുത്തിയിരുന്നു.

മറ്റൊരു പ്രധാന പ്രശ്നമായ കക്കൂസ് മാലിന്യം മാർക്കറ്റിൽ ലഭ്യമായ കമ്പോസ്റ്റ് മീഡിയം/ഇനോക്കുലങ്ങൾ ഉപയോഗിച്ച് ഡ്രൈലാറ്ററിൻ കക്കൂസ് ഉപയോഗിച്ച് സംസ്കരിക്കാവുന്നതാണ്. വേഗത്തിലും ചിലവു കുറഞ്ഞ രീതിയിലും നിർമിക്കാവുന്ന താൽക്കാലിക കക്കൂസ് ആണ് ഇത്.

ആവശ്യക്കാർക്ക് ഐ.ആർ.ടി.സി-പി.പി.സി ഇവ നിർമിച്ച് നൽകും. കക്കൂസ് മാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കി മാറ്റാവുന്ന ഇനോക്കുലവും ഐ.ആർ.ടി.സിയിൽ ലഭ്യമാണ്. ചൂളനിർമാണ രംഗത്തെ വിദഗ്ധനായ ജയപ്രകാശ് ആണ് അതിതാപന ചൂള വികസിപ്പിച്ചത്. പരിഷത് പ്രൊഡക്ഷൻ സെന്റർ സെക്രട്ടറി പി.വി.ജോസഫ്, എനർജി വിഭാഗം മേധാവി പ്രൊഫ.ബി.എം.മുസ്തഫ എന്നിവരാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.



അതിതാപന ചൂളയുടെ പ്രവർത്തനം ജയപ്രകാശ് മാധ്യമങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കുന്നു



ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എസ്.ശ്രീകുമാർ മാധ്യമങ്ങളോട് സംസാരിക്കുന്നു

(ഒന്നാം പേജിലെ എഡിറ്റോറിയൽ തുടർച്ച)

വിദ്യയുടെ പിന്തുണയോടെ നടക്കുന്ന ഈ കൃഷി സമ്പ്രദായം ഒരു സംരംഭക സാധ്യതയായും വളർന്നുവരികയാണ്. പാലക്കാട് ജില്ലയിൽ നീർത്തട വികസന പദ്ധതികളുമായി ബന്ധിപ്പിച്ച് ഈ കൃഷി സമ്പ്രദായങ്ങൾ കർഷകരിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഇതിനോടകം ഐ.ആർ.ടി.സി തുടങ്ങിയിട്ടുണ്ട്. ചിലവ് കുറക്കുന്നതിനും ഉൽപാദന വർദ്ധനവിന് സഹായിക്കുന്നതുമായ തീറ്റക്രമവും പരീക്ഷിച്ചു വരികയാണ്. ഈ സാങ്കേതികവിദ്യകൾ വ്യാപിപ്പിക്കുന്നതിനും പരിശീലനവും പിന്തുണാസൌകര്യങ്ങളും ഒരുക്കുന്നതിനും ഐ.ആർ.ടി.സി സജ്ജമായിരിക്കുന്നു എന്ന കാര്യം സന്തോഷപൂർവ്വം പങ്കുവക്കുന്നു.

**എഡിറ്റർ**

## KfW Soil Project NABARD

# ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ശില്പശാല സംഘടിപ്പിച്ചു

പാലക്കാട് ജില്ലയിൽ നബാർഡ് സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന കെ.എഫ്.ഡബ്ല്യു സോയിൽ പദ്ധതികളുടെ സംയോജന സാധ്യതകൾ ആലോചിക്കുന്നതിനായി പഞ്ചായത്ത് ഭാരവാഹികൾ, വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളുടെ ജില്ലാ തല ഉദ്യോഗസ്ഥ പ്രതിനിധികൾ, പ്രോജക്ട് ഫെസിലിറ്റേറ്റിംഗ് ഏജൻസി (പി.എഫ്.എ) പ്രതിനിധികൾ, നീർത്തട സമിതി ഭാരവാഹികൾ എന്നിവരുടെ സംയുക്തയോഗം സെപ്റ്റംബർ 6 ന് ഐ.ആർ.ടി.സിയിൽ വച്ച് നടന്നു.



പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.കെ.ശാന്തകുമാരി യോഗം ഉദ്ഘാടനം ചെയ്യുന്നു

പാലക്കാട് ജില്ലയിലെ 20 നീർത്തടങ്ങളിലായി കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് കാർഷികമേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനും അതിന്റെ പ്രത്യാഘാതങ്ങൾ പരമാവധി കുറച്ചുകൊണ്ട് കാർഷികമേഖല മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികളാണ് കെ.എഫ്.ഡബ്ല്യു സോയിൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പാലക്കാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.ശാന്തകുമാരി യോഗത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. നബാർഡ് പാലക്കാട് ജില്ലാ മാനേജർ ശ്രീ ലാലു.പി.എൻ അദ്ധ്യക്ഷത വഹിച്ചു. ഐ.ആർ.ടി.സി സയന്റിസ്റ്റ് പ്രൊഫ.ബി.എം. മുസ്തഫ പദ്ധതി വിശദീകരണം നടത്തി. തുടർന്ന് വിവിധ പദ്ധതികളുടെ സംയോജന സാധ്യതകളെപ്പറ്റി പങ്കെടുത്ത പ്രതിനിധികൾ വിശദമായ ചർച്ച നടത്തി. ഐ.ആർ.ടി.സി രജിസ്ട്രാർ കെ.കെ.ജനാർദ്ദനൻ സ്വാഗതവും പ്രൊജക്ട് കോർഡിനേറ്റർ സാബു പി.എസ് നന്ദിയും പറഞ്ഞു.

# NABARD CGM ഐ.ആർ.ടി.സി സന്ദർശിച്ചു

NABARD ന്റെ കേരള റീജിയണൽ ചീഫ് ജനറൽ മാനേജർ (CGM) ശ്രീ.ആർ.ശ്രീനിവാസൻ ഐ.ആർ.ടി.സി ക്യാമ്പസ് സന്ദർശിച്ചു. ജൂലൈ 25 ന് ഉച്ചയോടെയാണ് അദ്ദേഹം ക്യാമ്പസിലെത്തിയത്. ഐ.ആർ.ടിസി ഫാക്കൽറ്റി അംഗങ്ങളുമായുള്ള ചർച്ചകൾക്കു ശേഷം അദ്ദേഹം കാമ്പസിലെ വിവിധ ഡിവിഷനുകളുടെ പ്രവർത്തനങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കി. ഐ.ആർ.ടി.സി ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഡിവിഷൻ, പോട്ടറി ഡിവിഷൻ, ഖരമാലിന്യസംസ്കരണ വിഭാഗം, എൻവയോൺമെന്റൽ ലാബ് എന്നിവ സന്ദർശിച്ച അദ്ദഹം ജീവനക്കാരോട് ഡിവിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് ചോദിച്ചു മനസ്സിലാക്കി.



നബാർഡ് സി.ജി.എം ശ്രീ.ആർ.ശ്രീനിവാസൻ ഫിഷറീസ് ഡിവിഷൻ സന്ദർശിക്കുന്നു

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഒട്ടേറെ പ്രവർത്തനങ്ങൾ ഐ.ആർ.ടി.സി മുൻകാലങ്ങളിൽ ഏറ്റെടുത്ത് വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. നിലവിൽ തെരഞ്ഞെടുത്ത നീർത്തടങ്ങളിൽ ആവിഷ്കരിക്കുന്ന വികസന പ്രവർത്തനങ്ങൾ കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിക്കുന്ന മണ്ണ് സംരക്ഷണ-കാർഷിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നതാണ്.

നബാർഡ് പാലക്കാട് ജില്ലാ മാനേജർ ശ്രീ. ലാലു.പി.എൻ. കുട്ടി, ഐ.ആർ.ടി.സി രജിസ്ട്രാർ കെ.കെ.ജനാർദ്ദനൻ, ഡയറക്ടർ ഓഫ് റിസർച്ച് ഡോ.എം.ബാലഗോപാലൻ, വി.ജി.ഗോപിനാഥൻ, എനർജി വിഭാഗം മേധാവി പ്രൊഫ.എം.ബി.മുസ്തഫ, പ്രകൃതിവിഭവ പരിപാലന വിഭാഗം മേധാവി ആർ.സതീഷ് എന്നിവർ ചർച്ചകളിൽ പങ്കെടുത്തു.

## UNICEF-IRTC Project

# ശില്പശാല സംഘടിപ്പിച്ചു

ഐക്യരാഷ്ട്രസംഘടനയുടെ ഭാഗമായ UNICEF-മായി ചേർന്ന് ഐ.ആർ.ടി.സി നടത്തുന്ന പഠനത്തിന് തുടക്കമായി. ഇടുക്കി ജില്ലയിലെ ആദിവാസി മേഖലയിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടാണ് പഠനം നടത്തുന്നത്. പരീക്ഷണാടിസ്ഥാനത്തിലെന്നോണം ഇടുക്കിയിലെ മൂന്ന് ആദിവാസി വിഭാഗങ്ങളുൾപ്പെടുന്ന പ്രദേശങ്ങളിലെയും ഒരു ഇതരവിഭാഗമുൾക്കൊള്ളുന്ന പ്രദേശത്തെയും വിദ്യാർത്ഥികളുടെ പഠനനിലവാരം സംബന്ധിച്ച പഠനമാണ് ഇത്.

പ്രൊജക്ടിന്റെ മുന്നോടിയായി ജൂലൈ 27,28 തിയ്യതികളിൽ ഐ.ആർ.ടി.സിയിൽ വിദ്യാഭ്യാസ വിദഗ്ധരുടെയും അധ്യാപകരുടെയും ശില്പശാല സംഘടിപ്പിച്ചു. ട്രൈബൽ മേഖലയിലെ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള ഗൌരവപൂർണ്ണമായ ചർച്ചയും അവതരണങ്ങളും ശില്പശാലയിൽ നടന്നു. പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകൻ ഡോ.സി. രാമകൃഷ്ണൻ രണ്ടു ദിവസത്തെ ശില്പശാലയ്ക്ക് നേതൃത്വം നൽകി. ഐ.ആർ.ടി.സി സോഷ്യൽ സയൻസ് വിഭാഗം മേധാവി ഡോ.കെ.രാജേഷിന്റെ, ഡോ.സി.രാമകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ പഠനപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സോഷ്യൽ സയൻസ് ഡിവിഷനിലെ പ്രവർത്തകരായ നിഖിൽ സുധീഷ്, അഖിൽ ബെന്നി, അനഘ എം. എന്നിവരാണ് പഠനസംഘത്തിലുള്ളത്.



ശില്പശാലയിൽ ഡോ.സി.രാമകൃഷ്ണൻ സംസാരിക്കുന്നു

# 'പഠനോദ്യാനം' വിദ്യാഭ്യാസ പരിപാടി ആരംഭിച്ചു

ഇടുക്കി ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ശാസ്ത്ര-ഗണിത വിഷയങ്ങളിലെ അഭിരുചി വളർത്തുവാനായി ഐക്യരാഷ്ട്ര സംഘടനയുടെ ഭാഗമായ UNICEF ഉം ഐ.ആർ.ടി.സിയും സംയുക്തമായി നടത്തുന്ന പരീക്ഷണ-ഗവേഷണത്തിന്റെ ഭാഗമായുള്ള 'പഠനോദ്യാനം" പ്രത്യേക വിദ്യാഭ്യാസ പദ്ധതിയ്ക്ക് തുടക്കമായി. വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ ശാസ്ത്ര-ഗണിത വിഷയങ്ങളിൽ താൽപര്യം വർധിപ്പിക്കുകയാണ് പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി മൂന്ന് കേന്ദ്രങ്ങളിൽ ആദിവാസി വിദ്യാർത്ഥികൾക്ക് മാത്രമായും, ഒരു കേന്ദ്രത്തിൽ മറ്റു സാമൂഹികവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്കായും വേണ്ടിയാണ് 'പഠനോദ്യാനം' പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. വെള്ളിയാമറ്റം പഞ്ചായത്തിലെ മേത്തൊട്ടി-പൂമാല, അടിമാലി പഞ്ചയാത്തിലെ മന്നാങ്കണ്ടം, ചിന്നപ്പാറക്കുടി എന്നീ മൂന്ന് ആദിവാസി ഊരുകളിലും, മണക്കാട് പഞ്ചായത്തിലെ അരീക്കുഴയിലും വിജ്ഞാനോത്സവത്തോടെ പഠനോദ്യാനം പ്രവർത്തനമാരംഭിച്ചു.




അതിതാപന ചൂളയുടെ പ്രവർത്തനം ജയപ്രകാശ് മാധ്യമങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കുന്നു

സെപ്തംബർ 7 ന് മന്നാങ്കണ്ടത്തും, സെപ്തംബർ 14 ന് പൂമാലയിലും, സെപ്തംബർ 17 ന് അരീക്കുഴയിലും, ഒക്ടോബർ 2 ന് ചിന്നപ്പാറക്കുടിയിലും നടന്ന വിജ്ഞാനോത്സവങ്ങൾ കുട്ടികളുടെയും മാതാപിതാക്കളുടെയും സജീവ പങ്കാളിത്തത്താൽ ശ്രദ്ധേയമായി. കൂടാതെ അതാതു പ്രദേശങ്ങളിലെ ജനപ്രതിനിധികളും എക്സൈസ്, പോലീസ്, വിദ്യാഭ്യാസം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും അദ്ധ്യാപകരും വിജ്ഞാനോത്സവം പരിപാടിയിൽ സംബന്ധിച്ചു. സാമൂഹികമായി ഏറെ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ഈ പ്രത്യേക വിദ്യാഭ്യാസ പരിപാടിക്ക് അകമഴിഞ്ഞ പിന്തുണയാണ് സമൂഹത്തിന്റെ നാനാതുറകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്.

## മാലിന്യപരിപാലനം
# മുനിസിപ്പൽ ഉദ്യോഗസ്ഥർക്ക് പരിശീലനം

KILA-യിൽ നിന്നും വന്ന നഗരസഭാ ഉദ്യോഗസ്ഥർ ഐ.ആർ.ടി.സി സന്ദർശിച്ച് മാലിന്യപരിപാലന പ്രവർത്തനങ്ങൾ മനസ്സിലാക്കി. തൃശ്ശൂരിലെ കില ആസ്ഥാനത്ത് നടന്ന ത്രിദിന പരിശീലന പരിപാടിയുടെ ഭാഗമായാണ് സംഘം ഐ.ആർ.ടി.സി ക്യാമ്പസിലെത്തുന്നത്. ജൂൺ 11 ന് ആദ്യ ബാച്ചിന് പരിശീലനം നൽകി. 8 ബാച്ചുകളാണ് ഇതുവരെ ഏകദിന പരിശീലനങ്ങൾക്ക് എത്തിയത്.

മാലിന്യപരിപാലന രംഗത്തെ മികവിന്റെ കേന്ദ്രമായി (Centre of Excellence) ആയി സംസ്ഥാന സർക്കാർ അംഗീകരിച്ച സ്ഥാപനമാണ് ഐ.ആർ.ടി.സി. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട വിവിധ ഉപാധികളുടെ പ്രവർത്തനരീതി, ഒരുക്കേണ്ട സജ്ജീകരണങ്ങൾ, ഇതുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ എന്നിവ നേരിട്ട് കണ്ടു പരിചയപ്പെടാൻ ഉദ്യോഗസ്ഥർക്ക് അവസരമൊരുക്കി. ഐ.ആർ.ടി.സി മാലിന്യ പരിപാലന വിഭാഗം മേധാവി പ്രൊഫ.വി.ആർ.രഘുനന്ദനൻ മാലിന്യപരിപാലനത്തിന്റെ ശാസ്ത്രത്തെ സംബന്ധിച്ച് ക്ലാസെടുത്തു. സുസ്മിത.വി, ഫാത്തിമ നഷ്വ, ശോഭ എന്നിവർ ഫീൽഡ് പ്രവർത്തനങ്ങൾ വിശദീകരിച്ചു.



മൈക്രോബയോളജിസ്റ്റ് സുസ്മിത.വി മാലിന്യ പരിപാലന പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു

## ശാസ്ത്രസാഹിത്യ പരിഷത്ത് വിജ്ഞാനോത്സവം
# സംസ്ഥാന തല പ്രവർത്തക ക്യാമ്പ്

സംസ്ഥാന തലത്തിൽ വിജ്ഞാനോത്സവം സംഘടിപ്പിക്കാനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന തല വിദ്യാഭ്യാസ പ്രവർത്തക ക്യാമ്പ് ഐ.ആർ.ടി.സിയിൽ സംഘടിപ്പിച്ചു. ഈ വർഷത്തെ വിജ്ഞാനോത്സവം മികച്ചതാക്കാനുള്ള കൂടിയാലോചനയും ചോദ്യപ്പേപ്പർ തയ്യാറാക്കാനും വേണ്ടിയായിരുന്ന രണ്ടു ദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചത്.



വിജ്ഞാനോത്സവവുമായി ബന്ധപ്പെട്ട
സംസ്ഥാന ക്യാമ്പിൽ പങ്കെടുക്കുന്നവർ

## കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
# ജില്ലാ തല സംഘടനാ വിദ്യാഭ്യാസ ക്യാമ്പ്

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പാലക്കാട് ജില്ലയുടെ ജില്ലാ തല സംഘടനാ വിദ്യാഭ്യാസ ക്യാമ്പ് ജൂൺ 30 ന് ഐ.ആർ.ടി.സി ക്യാമ്പസിൽ വച്ച് നടന്നു. ജില്ലയിൽ നിന്നുള്ള 50 പേർ ക്യാമ്പിൽ പങ്കെടുത്തു. മുതിർന്ന പരിഷത്ത് പ്രവർത്തകനും പാലക്കാട് ജില്ലാ കമ്മിറ്റി അംഗവുമായ കെ.വി.എസ്.കർത്ത സംഘടനാ രേഖ അവതരിപ്പിച്ചു.



കെ.വി.എസ്.കർത്ത അവതരണം നടത്തുന്നു

## കില സാമൂഹ്യ വിദ്യാഭ്യാസ പരിപാടി
# പരിശീലനം ജൂബിലി ക്യാമ്പസിൽ

കിലയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തുകൾക്കുള്ള സാമൂഹ്യ വിദ്യാഭ്യാസ പരിപാടി ഐ.ആർ.ടി.സി ജൂബിലി ക്യാമ്പസിൽ പുരോഗമിക്കുന്നു. സംസ്ഥാന സർക്കാരിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താനും, പൌരബോധമുള്ള സമൂഹമായി മാറ്റാനും വേണ്ടിയാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. ഇതിനായി സമൂഹത്തിന്റെ നാനാതുറകളിലും പ്രവർത്തിക്കുന്ന പൊതുപ്രവർത്തകരെ പരിശീലന പരിപാടിയിൽ പങ്കെടുപ്പിച്ചു വരുന്നുണ്ട്.

സെപ്തംബർ 6,7 തിയ്യതികളിൽ ആദ്യ ബാച്ച് പരിശീലനം പൂർത്തിയായി. രണ്ടാം ബാച്ച് സെപ്തംബർ 16,17 തിയ്യതികളിലും നടന്നു. കിലയുടെ സെന്റർ കോർഡിനേറ്റർ അജിത് കുമാർ മേനോന്റെ നേതൃത്വത്തിലാണ് ക്യാമ്പ് പുരോഗമിക്കുന്നത്.

### ഖരമാലിന്യ പരിപാലനവും മഴവെള്ള സംഭരണവും

## പോളിടെക്നിക് വിദ്യാർത്ഥികളുടെ ശില്പശാല

കോട്ടക്കലിൽ പ്രവർത്തിക്കുന്ന മലബാർ പോളിടെക്നിക്ക് കോളേജിൽ നിന്നുള്ള വിദ്യാർത്ഥികൾ രണ്ടു ദിവസത്തെ ശില്പശാലയിൽ പങ്കെടുക്കാനായി ഐ.ആർ.ടി.സി ക്യാമ്പസിലെത്തി. ഐ.ആർ.ടി.സിയുടെ പ്രധാന പ്രവർത്തനമേഖലയായ ഖരമാലിന്യ പരിപാലനവും മഴവെള്ളസംഭരണവും അവയുടെ അനുബന്ധ ഇടപെടലുകളും മനസ്സിലാക്കാനാണ് വിദ്യാർത്ഥികൾ ക്യാമ്പസിലെത്തിയത്. ജൂലൈ 4 ന് ആരംഭിച്ച ശില്പശാലയിൽ 37 വിദ്യാർത്ഥികളാണ് പങ്കെടുത്തത്. ഐ.ആർ.ടി.സി പ്രവർത്തങ്ങളെ സംബന്ധിച്ചുള്ള ക്ലാസുകളും അവയുടെ പ്രായോഗിക പരിശീലനവും ശില്പശാലയുടെ ഭാഗമായി നടന്നു.



ഡോ.എൻ.കെ.ശശിധരൻ പിള്ള ശില്പശാല ഉദ്ഘാടനം ചെയ്യുന്നു

പരിപാടിയുടെ ഉദ്ഘാടനം ഐ.ആർ.ടി.സിയുടെ മുൻ ഡയറക്ടറും ഫിഷറീസ് വിദഗ്ധനുമായ ഡോ.എൻ. കെ.ശശിധരൻ പിള്ള നിർവ്വഹിച്ചു. ഖരമാലിന്യ പരിപാലനത്തെ കുറിച്ച് ഐ.ആർ.ടി.സി ഗവേഷക സുസ്മിത.വി ക്ലാസെടുത്തു. മാലിന്യപരിപാലനത്തെ കുറിച്ചും മാലിന്യ സംസ്കരണത്തെ കുറിച്ചുമുള്ള വിദ്യാർത്ഥികളുടെ സംശയങ്ങൾ ദൂരീകരിക്കുന്ന സംവാദമായി ക്ലാസ് മാറി.

മഴവെള്ളക്കൊയ്ത്തും സംഭരണവും എന്ന വിഷയത്തിൽ ഐ.ആർ.ടി.സി എഞ്ചിനീയർ ആർ.രംഗസ്വാമി ക്ലാസെടുത്തു. ഐ.ആർ.ടി.സി വികസിപ്പിച്ച മഴവെള്ള ഫിൽറ്റർ യൂണിറ്റിനെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി. കൂടാതെ വിവിധ മഴവെള്ളക്കൊയ്ത്ത് മാതൃകകളും വിശദീകരിച്ചു. പ്രോഗ്രാം കോർഡിനേറ്റർ പി.ശ്രീരാജ് പരിപാടികൾക്ക് നേതൃത്വം നൽകി.

### കെ.എഫ്.ഡബ്ല്യൂ പ്രൊജക്ട്

## നീർത്തടവികസന സമിതികളുടെ യോഗം

കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഐ.ആർ.ടി.സി നടത്തുന്ന പദ്ധതിയാണ് കെ.എഫ്.ഡബ്ല്യൂ സോയിൽ പ്രൊജക്ട് (KfW Soil Project). പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത നീർത്തട വികസന സമിതികളുടെ യോഗം സംഘടിപ്പിച്ചു. ഐ.ആർ.ടി.സിയുടെ സാങ്കേതിക സഹായത്തോടെ മണ്ണ്-ജല സംരക്ഷണം, കാർഷികാഭിവൃദ്ധി, ജീവനോപാധി വികസനം എന്നിവയിൽ മികച്ച നേട്ടം കൈവരിച്ച, പാലക്കാട് ജില്ലയിലെ തിരഞ്ഞെടുത്ത 8 നീർത്തടവികസന സമിതികളാണ് പദ്ധതിയിലുൾപ്പെടുന്നത്. തിരഞ്ഞെടുത്ത 8 നീർത്തടവികസന സമിതികളുടെ പ്രവർത്തകരാണ് യോഗത്തിൽ പങ്കെടുത്തത്. കെ.എഫ്.ഡബ്ല്യൂ പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ കൈമാറുന്നതിനും, പദ്ധതി പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള ചർച്ചകൾ നടത്താനും യോഗത്തിലൂടെ സാധിച്ചു.



ആർ.സതീഷ് നീർത്തടവികസന കമ്മിറ്റി ഭാരവാഹികൾക്ക് ക്ലാസെടുക്കുന്നു

ഐ.ആർ.ടി.സി രജിസ്ട്രാർ കെ.കെ.ജനാർദ്ദനൻ യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. Natural Resource Management Division മേധാവി ആർ.സതീഷ് പ്രോജക്ടിനെ സംബന്ധിച്ചുള്ള അവതരണം നടത്തി. പ്രകൃതിവിഭവ പരിപാലന വിഭാഗം പ്രവർത്തകരായ സാബു.പി.എസ്, വൈശാഖ്.പി.എൻ, ഹരികൃഷ്ണൻ, കാവ്യ, പ്രണവ്, സോഫി, ഷിബു, രാഹുൽ എന്നിവർ യോഗത്തിനും ചർച്ചകൾക്കും നേതൃത്വം നൽകി.

### ഫോൾഡ്സ്കോപ്പ് നിർമാണവും പ്രയോഗവും

## പരിഷത്ത് പ്രവർത്തകരുടെ മേഖലാതല ശില്പശാല സംഘടിപ്പിച്ചു

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പാലക്കാട് മേഖലാ കമ്മിറ്റി പ്രവർത്തകർക്ക് ഐ.ആർ.ടി.സിയിൽ വച്ച് ഫോൾഡ്സ്കോപ്പ് നിർമാണ പരിശീലനം നൽകി. ജൂൺ 8 ന് രാവിലെ മുതൽ വൈകീട്ട് വരെയാണ് പരിശീലനം നടന്നത്. 20 പേർ പങ്കെടുത്തു. പി.ശില്പ ഫോൾഡ്സ്കോപ്പ് നിർമാണവും, ഫോൾഡ്സ്കോപ്പിന്റെ പ്രാധാന്യവും സംബന്ധിച്ച് വിശദീകരിക്കുകയും പ്രായോഗിക പരിശീലനത്തിന് നേതൃത്വം നൽകുകയും ചെയ്തു.



പരിഷത്ത് പ്രവർത്തകരുടെ മേഖലാ തല ഫോൾഡ്സ്കോപ്പ് പരിശീലനത്തിൽ നിന്നും

# കൂൺകൃഷി പരിശീലനം

ഐ.ആർ.ടി.സി മഷ്‌റൂം ഡിവിഷന്റെ നേതൃത്വത്തിൽ രണ്ടു ദിവസത്തെ കൂൺകൃഷി പരിശീലന പരിപാടി സംഘടിപ്പിച്ചു. ആഗസ്റ്റ് 2,3 തിയ്യതികളിലാണ് പരിശീലനം നടന്നത്. പാലക്കാട്, മലപ്പുറം ജില്ലകളിൽ നിന്നുള്ള 15 പേർ മുൻകൂറായി ബുക്ക് ചെയ്ത് പരിശീലനത്തിൽ പങ്കെടുത്തു. വീട്ടമ്മമാരും അഭ്യസ്തവിദ്യരായ യുവതീയുവാക്കളും ഉൾപ്പെട്ട ബാച്ചായിരുന്നു ഇത്തവണത്തേത്.

ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എസ്.ശ്രീകുമാർ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. മഷ്‌റൂം ഡിവിഷനെ കൂടാതെയുള്ള ഐ.ആർ.ടി.സിയുടെ മറ്റു പ്രവർത്തനങ്ങളും അദ്ദേഹം പരിചയപ്പെടുത്തി. തുടർന്ന് കൂണിന്റെയും കൂൺകൃഷിയുടെയും ശാസ്ത്രീയ വശങ്ങളെ സംബന്ധിച്ചുള്ള വിശദമായ ക്ലാസിനും സംശയനിവാരണ സെഷനുകൾക്കും ശേഷം പ്രായോഗിക പരിശീലനവും നടന്നു. ക്ലാസുകൾക്ക് ഐ.ആർ.ടി.സി ബയോടെക്നോളജിസ്റ്റ് സൂര്യ.എസ് നേതൃത്വം നൽകി. പ്രായോഗിക പരിശീലനത്തിന് സുധ.പി, സജിത എന്നിവരാണ് നേതൃത്വം നൽകിയത്.

രണ്ടാം ദിനം വൈകീട്ട് നടന്ന സമാപന സെഷനിൽ ഐ.ആർ.ടി.സി രജിസ്ട്രാർ കെ.കെ.ജനാർദ്ദനൻ സർട്ടിഫിക്കറ്റ് വിതരണം നടത്തി. സ്വന്തമായി കൂൺകൃഷി ആരംഭിക്കാനുള്ള ധൈര്യവും അറിവും പകരാൻ പരിശീലനത്തിനു സാധിച്ചു എന്ന് പരിശീലനത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

ശാസ്ത്രസാങ്കേതിക സഹായത്തോടെയുള്ള വിത്തുൽപാദനവും, ഭക്ഷ്യയോഗ്യ ചിപ്പിക്കൂൺ കൃഷിയും, കൂൺകൃഷി പരിശീലനവുമാണ് ഐ.ആർ.ടി.സി മഷ്‌റൂം ഡിവിഷനിൽ പ്രധാനമായും നടക്കുന്നത്.



കൂൺകൃഷിയിൽ പ്രായോഗിക പരിശീലനം നൽകുന്നു

### ശ്രീകൃഷ്ണപുരം എഞ്ചിനിയറിങ് കോളേജ്

## എഞ്ചിനിയറിങ് വിദ്യാർത്ഥികൾ ഐ.ആർ.ടി.സി സന്ദർശിച്ചു

ശ്രീകൃഷ്ണപുരം എഞ്ചിനിയറിംഗ് കോളേജിൽ നിന്നെത്തിയ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വിഭാഗം വിദ്യാർത്ഥികൾ ഐ.ആർ.ടി.സി കാമ്പസ് സന്ദർശിച്ചു. ആഗസ്റ്റ് 5 ന് രാവിലെ കാമ്പസിലെത്തിയ വിദ്യാർത്ഥികൾ ഐ.ആർ.ടി.സി പ്രവർത്തകരുമായി സംവദിക്കുകയും കാമ്പസിലെ ഗവേഷണ പ്രവർത്തനങ്ങൾ കണ്ടുമനസ്സിലാക്കുകയും ചെയ്തു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം.രാമചന്ദ്രൻ ഐ.ആർ.ടി.സിയെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി. എനർജി വിഭാഗം മേധാവി പ്രൊഫ.ബി.എം. മുസ്തഫ ഐ.ആർ.ടി.സിയിലെ ഗവേഷണ പ്രവർത്തനങ്ങളെ കുറിച്ച് സംസാരിച്ചു. 25 വിദ്യാർത്ഥികളാണ് സന്ദർശനത്തിനെത്തിയത്.

### ഐ.ആർ.ടി.സിയിൽ

## 72-ാം സ്വാതന്ത്ര്യദിനം ആഘോഷിച്ചു

ഇന്ത്യൻ സ്വാതന്ത്ര്യ നേട്ടത്തിന്റെ 72-ാം വാർഷികം ഐ.ആർ.ടി.സിയിൽ ആചരിച്ചു. ആഗസ്റ്റ് 15 ന് രാവിലെ എട്ട് മണിക്ക് പതാക ഉയർത്തൽ ചടങ്ങ് നടന്നു. ഐ.ആർ.ടി.സി എനർജി വിഭാഗം മേധാവി പ്രൊഫ.ബി.എം.മുസ്തഫയാണ് പതാക ഉയർത്തിയത്. പതാകയുയർത്തലിന് ശേഷം അദ്ദേഹം ഐ.ആർ.ടി.സി പ്രവർത്തകർക്ക് സ്വാതന്ത്ര്യദിന സന്ദേശം കൈമാറി. ഐ.ആർ.ടി.സി മാലിന്യപരിപാലന വിഭാഗം മേധാവി പ്രൊഫ.വി.ആർ.രഘുനന്ദനൻ, പ്രകൃതിവിഭവ പരിപാലന വിഭാഗം മേധാവി ആർ.സതീഷ് എന്നിവരും ചടങ്ങിൽ സംസാരിച്ചു.

## കിണർ റീചാർജിങ് പരിശീലനം

ഐ.ആർ.ടി.സിയുടെ കിണർ റീചാർജിങ് പരിശീലന പരിപാടിയുടെ രണ്ട് ബാച്ചുകൾ വിജയകരമായി പൂർത്തിയായി. ആഗസ്റ്റ് 7,8 തിയ്യതികളിൽ നടന്ന ആദ്യ പരിശീലനത്തിൽ 14 പേരാണ് പങ്കെടുത്തത്. ആഗസ്റ്റ് 29,30 തിയ്യതികളിൽ നടന്ന രണ്ടാമത്തെ ബാച്ചിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ 17 പേരും പങ്കെടുത്തു.

മഴവെള്ളം കിണറിലേക്ക് റീചാർജ് ചെയ്യുന്നതിനുള്ള ഫിൽറ്റർ യൂണിറ്റ് നിർമാണവും വാട്ടർ ടാങ്ക് സജ്ജമാക്കലും ആണ് പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി നടന്നത്. ഐ.ആർ.ടി.സി എനർജി വിഭാഗം മേധാവി പ്രൊഫ.ബി.എം.മുസ്തഫ മഴവെള്ളക്കൊയ്ത്തിന്റെയും കിണർ റീച്ചാർജിങ്ങിന്റെയും പ്രാധാന്യത്തെ സംബന്ധിച്ച് ക്ലാസെടുത്തു. എഞ്ചിനീയർമാരായ ആർ.രംഗസ്വാമി, പി.ശ്രീരാജ് എന്നിവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി.



മഴവെള്ളം ശുദ്ധീകരിച്ച് സംഭരിക്കാനുള്ള ടാങ്ക് സംവിധാനം

### കാലിക്കറ്റ് യൂണിവേഴ്സിറ്റി അധ്യാപകവിദ്യാർത്ഥികളുടെ

## 'ആരണ്യം' സഹവാസ ക്യാമ്പ്

പാലക്കാട് ജില്ലയിലെ കൊടുവായൂരിൽ പ്രവർത്തിക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററിലെ (CUTEC) അധ്യാപക വിദ്യാർത്ഥികളുടെ 'ആരണ്യം' സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു. മൂന്ന് ദിവസങ്ങളിലായി നടന്ന ക്യാമ്പിൽ 50 വിദ്യാർത്ഥികളും മൂന്ന് അധ്യാപകരുമാണ് പങ്കെടുത്തത്. ജൂൺ 26 ന് രാവിലെ ആരംഭിച്ച ക്യാമ്പ് ജൂൺ 28 ന് ഉച്ചയോടെ അവസാനിച്ചു.



ഡോ.എം.ബാലഗോപാലൻ
വിദ്യാർത്ഥികളോട് സംസാരിക്കുന്നു

ഐ.ആർ.ടി.സിയുടെ റിസർച്ച് ഡയറക്ടർ ഡോ.എം.ബാലഗോപാലൻ ക്യാമ്പിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. കൊടുവായൂർ CUTEC പ്രിൻസിപ്പാൾ ഡോ.ഗീത അധ്യക്ഷത വഹിച്ചു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം.രാമചന്ദ്രൻ ഐ.ആർ.ടി.സിയെ പരിചയപ്പെടുത്തി. പ്രോഗ്രാം കോർഡിനേറ്റർ പി.ശില്പ നന്ദി പറഞ്ഞു.

ക്യാമ്പിലെ തുടർന്നുള്ള സെഷനുകളിൽ ഐ.ആർ.ടി.സി കാമ്പസിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഇടപെടലുകളെ സംബന്ധിച്ചുമുള്ള അവതരണങ്ങൾ നടത്തി. പ്രൊഫ. വി.ആർ.രഘുനന്ദനൻ (മാലിന്യ പരിപാലനം), ഡോ.കെ. രാജേഷ് (സുസ്ഥിരവികസന സമീപനം), പ്രൊഫ.ബി.എം. മുസ്തഫ (വിദ്യാഭ്യാസ പ്രവർത്തനങ്ങളിലെ ഫോൾഡ്സ്കോപ്പ് സാധ്യതകൾ), ആർ.സതീഷ് (സുസ്ഥിര പ്രകൃതിവിഭവ പരിപാലനം ഐ.ആർ.ടി.സി അനുഭവങ്ങളിലൂടെ), ഡോ.കെ. കെ.സീതാലക്ഷ്മി (കേരളത്തിന്റെ വന-പരിസ്ഥിതി), എസ്.സൂര്യ (കൂൺ കൃഷി), സ്വാതി. എം (അക്വാകൾച്ചർ), രാജൻ എം. (GIS), ആർ.രംഗസ്വാമി (മഴവെള്ള ഫിൽറ്റർ സംവിധാനം) എന്നിവർ വിവിധ സെഷനുകൾ നയിച്ചു.

### കേരള ശാസ്ത്രസാഹിത്യ പരിഷത് പ്രവർത്തകരുടെ

## MoJo സംസ്ഥാനതല ക്യാമ്പ് സംഘടിപ്പിച്ചു

ഐ.ആർ.ടി.സി ക്യാമ്പസിൽ സെപ്റ്റംബർ 7,8,9 തിയ്യതികളിൽ 'മൊബൈൽ ജേണലിസം' (MoJo) പരിശീലന പരിപാടി സംഘടിപ്പിച്ചു. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിലായിരുന്നു സംഘാടനം. മൂന്ന് ദിവസത്തെ പരിശീലനത്തിൽ മൊബൈൽ ക്യാമറയുടെ സാങ്കേതികത്വവും ഉപയോഗവും, പുതിയ കാലത്ത് മൊബൈൽ ജേണലിസത്തിന്റെ പ്രസക്തി എന്നിവയെ സംബന്ധിച്ച ക്ലാസുകളും, വ്യത്യസ്ത വിഷയങ്ങളെ സംബന്ധിച്ച് ലഘു വീഡിയോകൾ തയ്യാറാക്കുന്നതിന്റെ പ്രായോഗിക പരിശീലനവും നടന്നു.

സ്മാർട്ട് ഫോൺ ഉപയോഗിച്ച് വീഡിയോ അധിഷ്ഠിത നിർമ്മാണത്തിലും വീഡിയോ ന്യൂസ് റിപ്പോർട്ടിങ്ങിലും പോസ്റ്റർ നിർമാണത്തിലും സോഷ്യൽ മീഡിയ പ്രചരണം എന്നിവയ്ക്ക് ആവശ്യമായ പ്രാവീണ്യം നൽകും വിധമായിരുന്നു പരിശീലനത്തിന്റെ ഉള്ളടക്കം ക്രമീകരിച്ചിരുന്നത്.



പരിഷത്ത് പ്രവർത്തകരുടെ മൊബൈൽ വീഡിയോഗ്രഫി
പരിശീലനത്തിൽ നിന്നും

സ്വതന്ത്ര സോഫ്റ്റ്വെയർ പ്രചാരകൻ മുജീബ് ഷാ, പ്രമുഖ യുട്യൂബർ ബിജു മോഹൻ, വിജയകുമാർ ബ്ലാത്തൂർ, മാധ്യമ വിദ്യാർത്ഥി അനൂപ്.കെ.ആർ എന്നിവർ ക്ലാസുകൾക്കും പ്രായോഗിക പരിശീലനങ്ങൾക്കും നേതൃത്വം നൽകി. ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന ഐ.ടി കൺവീനർ പി.സുധീർ ക്യാമ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

### ഐ.ആർ.ടി.സി ഹരിതസഹായ സ്ഥാപനം പുരോഗമിക്കുന്നു

## ഏറണാകുളം-തൃശ്ശൂർ-പാലക്കാട് ജില്ലകളിലെ പ്രവർത്തകരുടെ റിവ്യു മീറ്റിംഗ്

സംസ്ഥാന സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായി കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഹരിതസഹായ സ്ഥാപനമാണ് ഐ.ആർ.ടി.സി. സംസ്ഥാനത്തെ 163 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യനിർമാർജ്ജന പ്രവർത്തനങ്ങൾക്ക് ഐ.ആർ.ടി.സി ഹരിതസഹായ സ്ഥാപനം ഉടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും ഐ.ആർ.ടി.സി കോർഡിനേറ്റർമാരുടെ മേൽനോട്ടത്തിൽ ഈ പ്രവർത്തനങ്ങൾ സജീവമായി മുന്നേറുന്നുമുണ്ട്.

ഹരിതസഹായ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനായി സെപ്റ്റംബർ 6 ന് ഐ.ആർ.ടി.സിയിൽ സംഘടിപ്പിച്ച റിവ്യൂ മീറ്റിംഗിൽ 29 പേരാണ് പങ്കെടുത്തത്. ഹരിതസഹായ സ്ഥാപനം സംസ്ഥാന കോർഡിനേറ്റർ ടി.പി.ശ്രീശങ്കർ അവലോകനത്തിന് നേതൃത്വം നൽകി. റീജിയണൽ കോർഡിനേറ്റർമാരായ ജയ് സോമനാഥ്, സുഭാഷ്.യു എന്നിവർ സംസാരിച്ചു.

## വട്ടലക്കി-കല്ലുക്കര്‍ സുസ്ഥിരവികസന മാസ്റ്റര്‍പ്ലാന്‍
# സബ്കളക്ടറുടെ സാന്നിദ്ധ്യത്തില്‍ പ്രോജക്ട് അവതരണം നടത്തി

1980 ല്‍ പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയില്‍ സ്ഥാപിച്ച വട്ടലക്കി ഗിരിജന്‍ കോപ്പറേറ്റീവ് ഫാമിന്റേയും കല്ലുക്കര്‍ ഫാമിന്റേയും സുസ്ഥിര വികസന മാസ്റ്റര്‍പ്ലാന്‍ പ്രസന്റേഷന്‍ ഒറ്റപ്പാലം സബ്കളക്ടറുടെ സാനിധ്യത്തില്‍ നടന്നു. ആഗസ്റ്റ് 21 രാവിലെ പാലക്കാട് കളക്ടറേറ്റില്‍ വച്ചാണ് അവതരണം നടത്തിയത്. പരിപാടിയില്‍ ജെറോമിക് ജോര്‍ജ് ഐ.എ.എസ് (ഒറ്റപ്പാലം സബ്കളക്ടര്‍), വൈശാഖ് (ACFS കൃഷി ഓഫീസര്‍), TEO അജീഷ്, ഐ.ആര്‍.ടി.സി പ്രധിനിധികളായി ഡോ.സീതാലക്ഷ്മി, നിഖില്‍ കെ.വി , വൈശാഖ്. പി.എന്‍, ഹരികൃഷ്ണന്‍ എന്നിവരും പങ്കെടുത്തു.

ഐ.ആര്‍.ടി.സി അട്ടപ്പാടിയില്‍ നടപ്പിലാക്കിയ നബാര്‍ഡ് 'വാടി' പദ്ധതി, മറ്റ് ഇറിഗേഷന്‍ പദ്ധതികള്‍ എന്നിവ വിജയകരമായി പൂര്‍ത്തിയാക്കിയ പശ്ചാത്തലത്തിലാണ് ഇത്തരമൊരു പദ്ധതിരേഖ തയ്യാറാക്കാന്‍ ഐ.ആര്‍.ടി.സിയെ ചുമതലപ്പെടുത്തിയത്. വട്ടലക്കി ഫാമിന്‍റേയും കല്ലുക്കര്‍ ഫാമിന്റെ പരിസ്ഥിതി സൗഹാര്‍ദ്ദ വികസനവും, മണ്ണ്-ജല സംരക്ഷണ പ്രവര്‍ത്തനങ്ങളുടെ പ്രോത്സാഹനവും, മറ്റു വരുമാനദായക പ്രവര്‍ത്തനങ്ങളുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.



സബ്കളക്ടര്‍ ജെറോമിക് ജോര്‍ജ്ജിന്റെ സാന്നിദ്ധ്യത്തില്‍ ഐ.ആര്‍.ടി.സി പ്രതിനിധികള്‍ അവതരണം നടത്തുന്നു

## Rural Agriculture Work Experience (RAWE)
# കാര്‍ഷിക സര്‍വകലാശാല വിദ്യാര്‍ത്ഥികളുടെ പഠനക്യാമ്പ്

കാസര്‍ഗോഡ് പടന്നക്കാട് പ്രവര്‍ത്തിക്കുന്ന കാര്‍ഷിക സര്‍വ്വകലാശാലയുടെ കാമ്പസില്‍ നിന്നുള്ള 10 വിദ്യാര്‍ത്ഥികള്‍ ആറു ദിവസത്തെ പഠനപ്രവര്‍ത്തനങ്ങള്‍ക്കായി ഐ.ആര്‍.ടി.സിയിലെത്തി. ആഗസ്റ്റ് 26 മുതല്‍ 30 വരെയാണ് ക്യാമ്പ് നടന്നത്. ഐ.ആര്‍.ടി.സിയിലെ പ്രകൃതിവിഭവ പരിപാലന വിഭാഗത്തിന്റെ നേതൃത്വത്തിലാണ് പഠനപ്രവര്‍ത്തനങ്ങള്‍ സംഘടിപ്പിച്ചത്.

ആദ്യ ദിനം ഐ.ആര്‍.ടി.സി അഡ്മിനിസ്ട്രേറ്റീവ് ഓഫീസര്‍ എം.രാമചന്ദ്രന്‍ വിദ്യാര്‍ത്ഥികള്‍ക്ക് ഐ.ആര്‍.ടി.സിയെ പരിചയപ്പെടുത്തി. തുടര്‍ന്ന് ഡയറക്ടര്‍ ഡോ.എസ്.ശ്രീകുമാര്‍ "ഇന്ത്യയിലെ പ്രകൃതിദുരന്തങ്ങള്‍; കാരണങ്ങളും പരിഹാരങ്ങളും" എന്ന വിഷയത്തില്‍ ക്ലാസെടുത്തു. മറ്റു ഐ.ആര്‍.ടി.സി പ്രകൃതിവിഭവ പരിപാലന വിഭാഗത്തിലെ സാബു.പി.എസ്., രാജന്‍.എം., രാമചന്ദ്രന്‍. എം, സോഫി കെ.ആന്റണി എന്നിവരുമായും വിദ്യാര്‍ത്ഥികള്‍ സംവദിച്ചു

തുടര്‍ന്നുള്ള ദിവസങ്ങളില്‍ GIS പരിശീലനം, കാമ്പസ് സന്ദര്‍ശനം, കൊന്നയ്ക്കല്‍ക്കടവ് നീര്‍ത്തട പ്രദേശം സന്ദര്‍ശിക്കല്‍, ഐ.ആര്‍.ടി.സി പഠന റിപ്പോര്‍ട്ടുകള്‍ പരിചയപ്പെടല്‍ എന്നിവ നടന്നു. ആഗസ്റ്റ് 30 ന് ഉച്ചയോടെ വിദ്യാര്‍ത്ഥികള്‍ കാമ്പസില്‍ നിന്നും മടങ്ങി.



കൊന്നയ്ക്കല്‍ക്കടവ് നീര്‍ത്തടവികസന സമിതി അംഗങ്ങളുമായി വിദ്യാര്‍ത്ഥികള്‍ സംവദിക്കുന്നു

## കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തില്‍
# നിയമവിദ്യാര്‍ത്ഥികളുടെ ശില്പശാല

കേരളത്തിലെ പരിസ്ഥിതി പ്രശ്നങ്ങളില്‍ നിയമവിദ്യാര്‍ത്ഥികളുടെ സക്രിയമായ ഇടപെടല്‍ ലക്ഷ്യമിട്ടു കൊണ്ട് കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്തില്‍ നിയമവിദ്യാര്‍ത്ഥികളുടെ ശില്പശാല സംഘടിപ്പിച്ചു. സെപ്തംബര്‍ 13,14 തീയതികളിലായി ഐ.ആര്‍.ടി.സി ക്യാമ്പസില്‍ നടന്ന ശില്പശാലയില്‍ കേരളത്തിലെ വിവിധ ലോ-കോളേജുകളില്‍ നിന്നുള്ള വിദ്യാര്‍ത്ഥികള്‍ പങ്കാളികളായി. ഗൌരവകരമായ ചര്‍ച്ചകളും സംവാദങ്ങളും ക്യാമ്പിനെ സജീവമാക്കി.

രണ്ടു ദിവസത്തെ സംവാദപരിപാടിയില്‍ നിയമരംഗത്തെ വിദഗ്ധരും, പരിസ്ഥിതി സമരങ്ങള്‍ നയിക്കുകയും നിയമപരമായ ഇടപെടലുകള്‍ നടത്തുകയും ചെയ്ത വ്യക്തികളും നിയമവിദ്യാര്‍ത്ഥികളുമായി രണ്ടു സംവദിച്ചു. അഡ്വ.മുഹമ്മദ് ഇബ്രാഹിം, അഡ്വ. നേഹ കുര്യന്‍, അഡ്വ. സിബി, മലപ്പുറം ഡി.എഫ്.ഒ സജി, പരിസ്ഥിതി പ്രവര്‍ത്തകരായ എ.വി.ആന്റണി, ടി.കെ.അജിത് കുമാര്‍, നാരായണന്‍ കുട്ടി, ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന പ്രസിഡണ്ട് എ.പി.മുരളീധരന്‍, പരിസ്ഥിതി വിഷയസമിതി കണ്‍വീനര്‍ ഡോ.കെ.രാജേഷ് എന്നിവര്‍ വിദ്യാര്‍ത്ഥികളുമായി സംവദിച്ചു. നിയമവിദ്യാര്‍ത്ഥി അര്‍ജ്ജുന്‍ ആസാദ്, ശിഹാബുദ്ദീന്‍ എന്നിവര്‍ ക്യാമ്പ് പ്രവര്‍ത്തനങ്ങള്‍ക്ക് നേതൃത്വം നല്‍കി.

## Hands-on Training

# ജി.ഐ.എസ്-റിമോട്ട് സെൻസിങ്ങിൽ ത്രിദിന പരിശീലനം സംഘടിപ്പിച്ചു

ഐ.ആർ.ടി.സി പ്രകൃതിവിഭവ പരിപാലന വിഭാഗത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന GIS&Remote Sensing വിഭാഗത്തിന്റെ നേതൃത്വത്തിൽ "Fundamentals of GIS & Remote Sensing" എന്ന വിഷയത്തിൽ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികളാണ് ഐ.ആർ.ടി.സിയുടെ ആദ്യഘട്ട GIS & Remote Sensing പരിശീലനത്തിന് എത്തിയത്.

ആഗസ്റ്റ് 28,29,30 തിയ്യതികളിൽ നടന്ന പരിപാടിയിൽ ജിയോളജി വിദഗ്ധനും ഐ.ആർ.ടി.സി ഡയറക്ടറുമായ ഡോ.എസ്.ശ്രീകുമാർ വിദ്യാർത്ഥികളുമായി സംവദിച്ചു. GIS, Remote sensing എന്നിവയുടെ അനന്തസാധ്യതകളെ കുറിച്ച് അദ്ദേഹം സംസാരിച്ചു. ജി.ഐ.എസ് വിഭാഗത്തിലെ ആനന്ദ് സെബാസ്റ്റ്യൻ, രാജൻ എം., വിവേക് അശോകൻ എന്നിവർ സെഷനുകൾ നയിച്ചു.



ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എസ്.ശ്രീകുമാർ പരിശീലന പരിപാടിയിൽ സംസാരിക്കുന്നു



രാഗേന്ദു പി.ആർ, രാജൻ എം., ആനന്ദ് സെബാസ്റ്റ്യൻ എന്നിവരുടെ നേതൃത്വത്തിൽ പരിശീലനം നടക്കുന്നു

റിമോട്ട് സെൻസിങ്ങിന്റെ പ്രാരംഭഘട്ടം, ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോമിൽ GIS സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വിവിധ തരം മാപ്പിങ്ങ്, ഡാറ്റാബേസ് തിയറി, ജി.പി.എസ് പ്രവർത്തനം, QGIS സോഫ്റ്റ്വെയർ ഉപയോഗം, സ്പേഷ്യൽ ഡാറ്റ മോഡലുകൾ, ഗൂഗിൾ എർത്തിന്റെ ഉപയോഗം, വിഭവ ഭൂപടങ്ങളുടെ നിർമാണം എന്നിവയെ സംബന്ധിച്ചുള്ള സെഷനുകളാണ് മൂന്നു ദിവസത്തെ പരിശീലന പരിപാടിയിൽ ഉണ്ടായിരുന്നത്.

## നീർത്തടാധിഷ്ഠിതവികസന മാസ്റ്റർപ്ലാൻ നിർമാണം

# കരുവാരക്കുണ്ട്-പുന്നയൂർ ഗ്രാമപഞ്ചായത്തുകളുടെ മാസ്റ്റർപ്ലാനുകൾ തയ്യാറായി

നീർത്തടാധിഷ്ഠിത വികസന സമീപനം മുൻനിർത്തിയുള്ള ഐ.ആർ.ടി.സിയുടെ വിവിധ ഗ്രാമപഞ്ചായത്തുകൾക്കായുള്ള മാസ്റ്റർപ്ലാൻ നിർമാണം പുരോഗമിക്കുന്നു. തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ നീർത്തടാധിഷ്ഠിത വികസന മാസ്റ്റർപ്ലാൻ പൂർത്തിയാക്കി പഞ്ചാത്ത് ഭരണസമിതി മുമ്പാകെ സമർപ്പിച്ച് കഴിഞ്ഞു. തൃശ്ശൂർ ജില്ലയിലെ തന്നെ പുന്നയൂർ ഗ്രാമപഞ്ചായത്തിനു വേണ്ടിയുള്ള മാസ്റ്റർപ്ലാനിന്റെ കരട് രൂപം പഞ്ചായത്ത് ഭരണസമിതിക്ക് സമർപ്പിച്ചു കഴിഞ്ഞു. മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാപഞ്ചായത്തിനായുള്ള മാസ്റ്റർപ്ലാൻ പ്രവർത്തനങ്ങൾ തയ്യാറായി വരുന്നു. ഉടൻ തന്നെ പൂർത്തിയായ മാസ്റ്റർപ്ലാൻ പഞ്ചായത്ത് ഭരണസമിതിക്ക് മുമ്പാകെ സമർപ്പിക്കും.

ഐ.ആർ.ടി.സി പ്രകൃതിവിഭവ പരിപാലന വിഭാഗം മേധാവി ആർ.സതീഷ് ആണ് മാസ്റ്റർപ്ലാൻ നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഡിവിഷനിലെ പ്രവർത്തകരായ പ്രവീൺ കെ.വി, സോഫി. കെ.ആന്റണി, ഷിബു.പി, വൈശാഖ്.പി.എൻ, അഭിലാഷ് കെ., പ്രണവ്, നിഖിൽ കെ.വി., സിബിൻ, ഇസ്മയിൽ പി., എന്നിവരാണ് പഠനപ്രവർത്തനങ്ങൾ നടത്തുന്നത്. നീർത്തടാധിഷ്ഠിത വികസന മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനമാണ് ഐ.ആർ.ടി.സി.




കരുവാരക്കുണ്ട്-ഒലിപ്പുഴ സമഗ്ര നീർത്തട വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി സംഘടിപ്പിച്ച യോഗം

## SCERT State Level Workshop

# ഹരിത സഹായ സ്ഥാപനം പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

കേരള സർക്കാരിന്റെ പദ്ധതിയായ ഹരിതകേരള മിഷന്റെ ഭാഗമായി കേരളത്തെ സമ്പൂർണ്ണ മാലിന്യവിമുക്തമാക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. മാലിന്യനിർമാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഹരിതസഹായ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ സംസ്ഥാന സർക്കാർ തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ഒന്നാണ് നിലവിൽ ഐ.ആർ.ടി.സി. ഐ.ആർ.ടി.സിയുടെ ഹരിതസഹായ സ്ഥാപനത്തിനു കീഴിൽ 110 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി നിലവിൽ 90 ഓളം ഹരിതസഹായ കോർഡിനേറ്റർമാർ പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങളുമായും ജനപ്രതിനിധികളുമായും ഉള്ള കോർഡിനേറ്റർമാരുടെ നിരന്തര സമ്പർക്കങ്ങളുടെയും ഫലമായാണ് ഓരോ കേന്ദ്രങ്ങളിലും മാലിന്യനിർമാർജ്ജന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. രണ്ടോ മൂന്നോ ഗ്രാമപഞ്ചായത്തുകളെ ക്ലസ്റ്ററുകളാക്കിയാണ് കോർഡിനേറ്റർമാർ പ്രവർത്തിച്ചുവരുന്നത്.

കൊല്ലം കോർപ്പറേഷൻ, 10 മുനിസിപ്പാലിറ്റികൾ, 99 ഗ്രാമപഞ്ചായത്തുകൾ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഐ.ആർ.ടി.സി ഹരിതസഹായ സ്ഥാപനവുമായി ഉടമ്പടിയുള്ളത്. ഇതിനോടകം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 4000 ഓളം യോഗങ്ങൾ ജനകീയ ക്യാമ്പയിന്റെ ഭാഗമായി നടന്നു കഴിഞ്ഞു. ഇതുവഴി ഒന്നര ലക്ഷം ആളുകളെ ശാസ്ത്രീയമായ മാലിന്യപരിപാലനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്താനും തുടർപ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും കഴിഞ്ഞു. ഐ.ആർ.ടി.സി ഇടപെട്ട പത്തിലധികം ഗ്രാമപഞ്ചായത്തുകൾ ഇതിനോടകം മാലിന്യമുക്ത പ്രദേശങ്ങളായി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. ഇതിൽ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, വെള്ളിനേഴി എന്നീ പഞ്ചായത്തുകളും ഏറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തും ഉൾപ്പെടും.

ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിതകർമ്മസേനയെ തയ്യാറാക്കൽ, പഞ്ചായത്തിനകത്തെ സ്ഥാപനങ്ങളിലെയും വീടുകളിലെയും മാലിന്യനിർമാർജ്ജന പ്രവർത്തനങ്ങൾ ഉറപ്പുവരുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് തുടക്കത്തിൽ ഊന്നൽ നൽകുന്നത്. 40-ഓളം പഞ്ചായത്തുകളിൽ ഇതിനോടകം ഹരിതകർമ്മസേനകളെ തയ്യാറാക്കാൻ ഐ.ആർ.ടി.സി ഹരിതസഹായ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. ഐ.ആർ.ടി.സി ഇടപെടുന്ന മറ്റു പഞ്ചായത്തുകളിലെ ഹരിതകർമ്മസേനയുടെ രൂപീകരണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.



കാർത്തികപ്പള്ളി പഞ്ചായത്തിലെ മാലിന്യം വേർതിരിക്കുന്ന ഹരിതകർമസേനാംഗങ്ങൾ

## SCERT State Level Workshop

# പ്രീസ്കൂൾ സംസ്ഥാന റിസോഴ്സ് അംഗങ്ങളുടെ ശില്പശാല

പ്രീസ്കൂൾ സംസ്ഥാന സിസോഴ്സ് അംഗങ്ങളുടെ ശില്പശാല ഐ ആർ ടി സിയിൽ സംഘടിപ്പിച്ചു. ആഗസ്റ്റ് 26 മുതൽ 29 വരെ ഐ.ആർ.ടി.സി ന്യൂ ക്യാമ്പസിൽ നടന്ന ശില്പശാലയിൽ 70 പേർ പങ്കെടുത്തു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പ്രീസ്കൂൾ വിദ്യാഭ്യാസ മേഖല ശാസ്ത്രീയമായി പരിപോഷിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പ്രീസ്കൂളിലെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

വനിതാ ശിശുവികസന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ എസ്.സി.ഇ.ആർ.ടിയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച പ്രീ-സ്കൂൾ സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്(PSSRG) അംഗങ്ങൾക്കായുള്ള ശിൽപ്പശാലയാണ് ഐ.ആർ.ടി.സിയിൽ സംഘടിപ്പിച്ചത്.

എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഡോ.ജെ.പ്രസാദ് ശില്പശാല ഉദ്ഘാടനം ചെയ്തു. ജില്ലാ ശിശുവികസന ഓഫീസർസബീന ബീഗം അദ്ധ്യക്ഷത വഹിച്ചു. ദീപ മാർട്ടിൻ (ഡി.ഡി.ഇ, ക്യൂ.ഐ.പി), രാജേന്ദ്രൻ.എ (പ്രിൻസിപ്പൽ, ഡയറ്റ് പാലക്കാട്) പ്രൊഫസർ ബി.എം.മുസ്തഫ (റിസർച്ച് ഫാക്കൽറ്റി, ഐ.ആർ.ടി.സി) തുടങ്ങിയവർ പ്രസംഗിച്ചു. ഷൈലാ ജാസ്മിൻ (റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി) സ്വാഗതവും ഡോ.പി പ്രമോദ്(സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ, സമഗ്ര ശിക്ഷാ കേരളം) നന്ദിയും പറഞ്ഞു.

കെ.ടി.രാധാകൃഷ്ണൻ, ടി.പി.കലാധരൻ, ഡോ.ജയപ്രകാശ്, കെ.പി.രാമകൃഷ്ണൻ, ഡോ. അമർ ഫെറ്റിൽ, കെ.വി.എസ് കർത്ത, എ.ശശിധരൻ, ലില്ലി കർത്ത, സുമ, വി.വി.മണികണ്ഠൻ, ജയ്സോമനാഥൻ, ഷിജിത, പ്രശാന്ത്. തുടങ്ങിയവർ 4 ദിവസങ്ങളിലായി നടന്ന ശില്പശാലക്ക് നേതൃത്വം നൽകി.



എസ്.സി.ഇ.ആർ.ടി പരിശീലനത്തിൽ നിന്നും